(ബി) അപേക്ഷ ലഭിച്ച സ്കൂളുകൾ ഉൾപ്പെടെ നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കുന്ന കാര്യത്തിന്മേൽ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

വി.എച്ച്.എസ്.സി.-യുടെ എല്ലാ കോഴ്സുകൾക്കും പി.എസ്.സി.-യുടെ അംഗീകാരം നൽകാൻ നടപടി

53 [2270] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഷയങ്ങളിലാണ് വി.എച്ച്.എസ്.സി. കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വി.എച്ച്.എസ്.സി. കോഴ്സുകളിൽ ഏതെല്ലാം വിഷയങ്ങൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി. എല്ലാ കോഴ്സുകൾക്കും അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 42 വിഷയങ്ങളിലാണ് വി.എച്ച്.എസ്.ഇ. കോഴ്സുകൾ നടത്തുന്നത്. കോഴ്സുകളുടെ പൂർണ്ണ വിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.†

(ബി) പി.എസ്.സി. അംഗീകരിച്ചിട്ടുള്ള വി.എച്ച്.എസ്.ഇ. വിഷയങ്ങൾ താഴെപ്പറയുന്നവയാണ്.

1. അഗ്രിക്കൾച്ചർ (പ്ലാന്റ് പ്രൊട്ടക്ഷൻ)
2. അഗ്രിക്കൾച്ചർ (ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്)
3. അഗ്രിക്കൾച്ചർ (നേഴ്സറി മാനേജ്മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ്)
4. അഗ്രിക്കൾച്ചർ (സെറിക്കൾച്ചർ)
5. ഇ.സി.ജി. ആന്റ് ആഡിയോമെട്രിക് ടെക്നീഷ്യൻ.
6. ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി.
7. ഫിസിക്കൽ എഡ്യൂക്കേഷൻ.
8. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി)
9. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (ഡയറിയിംഗ്)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

10. ഡയറിയിങ്ങ് (മിൽക്ക് പ്രോഡക്ട്സ്)

11. ഓഫീസ് സെക്രട്ടറിഷിപ്പ്.

12. സിവിൽ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്.

(സി) ശേഷിക്കുന്ന കോഴ്സുകൾക്കുകൂടി പി.എസ്.സി. അംഗീകാരം ലഭിക്കുന്നതിനായി നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

മാവൂർ ജി.എച്ച്.എസ്. സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം

54 [2271] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് കെട്ടിടമുണ്ടാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പി.ടി.എ.-യുടെ ഹർജി സർക്കാരിന് ലഭിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) മൂന്ന് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചു. 20-9-2004-ൽ ഒന്നാമത്തെ ഗഡുവും 18-2-2005-ൽ രണ്ടാമത്തെ ഗഡുവും അനുവദിച്ചു.

(സി) 2004 സെപ്റ്റംബറിൽത്തന്നെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് അസിസ്റ്റന്റ് നിയമനം

55 [2272] ശ്രീമതി ഗിരിജാസുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്രപേരെ വീതം ലാബ് അസിസ്റ്റന്റുമാരായി നിയമിക്കാമെന്നാണ് സർക്കാരിന്റെ തീരുമാനം;

(ബി) ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര പേർക്ക് ലാബ് അസിസ്റ്റന്റ് നിയമനം നൽകുകയുണ്ടായി; പ്രസ്തുത സ്കൂളിൽ ഇനി എത്ര പേർക്കുകൂടി നിയമനം നൽകാനാകും; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 53 (2270) കാണുക]

ഗ്രൂപ്പ്—I

എഞ്ചിനീയറിംഗ് ടെക്നോളജി:

1. സിവിൽ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്
2. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ടൂ വീലേഴ്സ് ആന്റ് ത്രീ വീലേഴ്സ്
3. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ആട്ടോമൊബൈൽസ്
4. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് റേഡിയോ ആന്റ് ടെലിവിഷൻ
5. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്
6. മെക്കാനിക്കൽ സർവീസിംഗ് (അഗ്രോ–മെഷിനറി)
7. റെഫ്രിജറേഷൻ ആന്റ് എയർ കണ്ടിഷനിംഗ്
8. പ്രിന്റിംഗ് ടെക്നോളജി
9. റബ്ബർ ടെക്നോളജി
10. ടെക്സ്റ്റയിൽ ഡൈയിംഗ് ആന്റ് പ്രിന്റിംഗ്
11. ടെക്സ്റ്റയിൽ വീവിംഗ്
12. കമ്പ്യൂട്ടർ സയൻസ്
13. കമ്പ്യൂട്ടർ അപ്ലിക്കേഷൻ

ഗ്രൂപ്പ്—II

I. അഗ്രിക്കൾച്ചർ:

14. പ്ലാന്റ് പ്രൊട്ടക്ഷൻ
15. ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്
16. നേഴ്സറി മാനേജ്മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ്
17. സെറികൾച്ചർ

II. ആനിമൽ ഹസ്ബന്ററി:

18. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (ഡയറി ഹസ്ബന്ററി)
19. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി ഹസ്ബന്ററി)
20. ഡയറിംഗ് (മിൽക്ക് പ്രോഡക്ട്സ്)

III. ഫിഷറീസ്:

21. അക്വാകൾച്ചർ
22. ഫിഷിങ്ങ് ക്രാഫ്റ്റ് ആന്റ് ഗിയർ ടെക്നോളജി
23. മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ ഓഫ് മറൈൻ എൻജിൻസ്
24. ഫിഷ് പ്രോസസിംഗ് ടെക്നോളജി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

IV. പാരാമെഡിക്കൽ:

25. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ
26. മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ ഓഫ് ബയോ മെഡിക്കൽ എക്യൂപ്മെന്റ്സ്
27. ഇ.സി.ജി. ആന്റ് ആഡിയോ മെട്രിക് ടെക്നീഷ്യൻ
28. ഡൊമസ്റ്റിക് നഴ്സിംഗ്
29. ഡന്തൽ ടെക്നോളജി
30. ഫിസിയോതെറാപ്പി

V. ഫിസിക്കൽ എഡ്യൂക്കേഷൻ:

31. ഫിസിക്കൽ എഡ്യൂക്കേഷൻ

VI. ഹോം സയൻസ്:

32. ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി
33. കോസ്മെറ്റോളജി ആന്റ് ബ്യൂട്ടി പാർലർ മാനേജ്മെന്റ്
34. ക്രെഷ് ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ്

ഗ്രൂപ്പ്—III

VII. ഹ്യൂമാനിറ്റീസ്:

35. ട്രാവൽ ആന്റ് ടൂറിസം

ഗ്രൂപ്പ്—IV

VIII. ബിസിനസ് ആന്റ് കോമേഴ്സ്:

36. ഓഫീസ് സെക്രട്ടറിഷിപ്പ്
37. അക്കൗണ്ടൻസി ആന്റ് ഓഡിറ്റിംഗ്
38. ജനറൽ ഇൻഷ്വറൻസ്
39. മാർക്കറ്റിംഗ് ആന്റ് സെയിൽസ്മാൻഷിപ്പ്
40. റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ
41. കാറ്ററിംഗ് ആന്റ് റസ്റ്റോറന്റ് മാനേജ്മെന്റ്
42. ബാങ്കിംഗ് അസിസ്റ്റൻസ്

LIBRARY ARCHIVES Kerala Legislative Assembly